മി. ഡെ. സ്പീക്കർ: അങ്ങേയ്ക്ക് അടുത്ത ദിവസം തുടരാം. അടുത്ത ബില്ലിനുള്ള പ്രമേയം അവതരിപ്പിക്കാം.

[ചർച്ച തുടരും]

(9) 2004-ലെ കേരള ടൂറിസം വർക്കേഴ്സ് ക്ഷേമനിധി ബിൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: 2004-ലെ കേരള ടൂറിസം വർക്കേഴ്സ് ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. മോഹൻകുമാർ : സർ, ഞാൻ പിൻതാങ്ങുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഞാൻ ഒപ്പോസ് ചെയ്യുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, ഒരു കാര്യം പറയാതിരിക്കാൻ കഴിയില്ല. കഴിഞ്ഞ ശ്രീ. എ.കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള സർക്കാരിന്റെ മൂന്നു വർഷത്തെ പ്രവർത്തനത്തിന്റെ ഭാഗമായി കേരള സംസ്ഥാനത്ത് 400 കോടി രൂപയിലധികം രൂപയുടെ നിക്ഷേപം നടന്ന ഏക മേഖല ടൂറിസം മേഖലയാണ്. ആ കാലത്ത് ടൂറിസം മന്ത്രിയായി സേവനമനുഷ്ഠിച്ച ശ്രീ. കെ.വി. തോമസിനെ അക്കാര്യത്തിൽ അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല. ഈ വകുപ്പിന് ലഭിച്ച വിഹിതത്തിന്റെ 99.7% ശതമാനം ചെലവഴിച്ചു. കിട്ടിയ അലോക്കേഷനിൽ ഇത്രയും തുക ചെലവഴിച്ച ഒരു വകുപ്പ് കേരളത്തിൽ ടൂറിസം വകുപ്പു മാത്രമാണ്. ഇത്തരം പ്രവർത്തനങ്ങൾ നടത്താൻ തയ്യാറായി മുന്നോട്ടു വന്നാൽ യഥാർത്ഥത്തിൽ പദ്ധതികളുടെ ഗുണഫലങ്ങൾ നമുക്ക് ലഭ്യമാകും. ഹിന്ദു പത്രം പുറത്തിറക്കിയ ഒരു ഫീച്ചറിൽ പറയുന്നത് 'According to the study conducted by Tata Consultancy Services (TCS) this sector will generate employment direct and indirect to the tune of nearly 7 lakhs in the next two years'. രണ്ട് കൊല്ലത്തിനകം ഏഴ് ലക്ഷം തൊഴിലവസരങ്ങൾ കടന്നുവരുമെന്നാണ് അവർ കണക്കാക്കിയിരിക്കുന്നത്. 'Besides these figures there has been a tremendous increase in the number of Entrepreneurs entering in the fields of Tour Operators, Home Stay Providers, Tourist Guides, Masseurs and Low Budget Resort Owners.' ഇതെല്ലാം നമ്മുടെ ടൂറിസം രംഗത്തെ വളരെ ആശാസ്യകരമായ വളർച്ചയുടെ സൂചനയാണ് നൽകുന്നത്. ഞാൻ ആനത്തൊഴിലാളികളുടെ ബിൽ അവതരിപ്പിച്ചയാളാണ്. എന്റെ നിയോജക മണ്ഡലത്തിൽ 65 ആനകളുണ്ട്. ആ ടൂറിസം എന്റെ നിയോജക മണ്ഡലത്തിൽ വളർത്തിയെടുക്കാൻ സാധിച്ചിട്ടുണ്ട്. ഒരു ദിവസം 500 ടൂറിസ്റ്റുകളെങ്കിലും തിരുവനന്തപുരത്തു നിന്നും വർക്കലയിൽനിന്നും കോവളത്തുനിന്നും എന്റെ നിയോജകമണ്ഡലത്തിൽ വന്ന് ആനപ്പുറത്ത് കയറി സവാരി ചെയ്തിട്ട് വളരെ സന്തോഷത്തോടുകൂടി തിരിച്ചുപോകുന്നുണ്ട്. അപ്പോൾ ഓരോ സ്ഥലത്തിന്റേയും പ്രത്യേകതയനുസരിച്ചുള്ള പദ്ധതി നടത്തുന്നതിനുവേണ്ടി, ആ നിലയിൽ ഒരു വിഭാഗം ആളുകൾ ഈ രംഗത്ത് പണിയെടുക്കുന്നുണ്ട്. ഇന്നലെ ഇതിനുവേണ്ടിയുള്ള ഒരംഗീകൃത നിയമംതന്നെ പാസ്സാക്കി. ഈ രംഗത്തുള്ള പ്രാധാന്യം വളരെയേറി. പുകക്കുഴൽ ഉള്ള വ്യവസായത്തിന് ഇനി കേരളത്തിൽ യാതൊരു പ്രസക്തിയും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇനി വലിയ മതിൽക്കെട്ടിനുള്ളിൽ കുറ്റൻ ഫാക്ടറികളൊന്നും ഉയരാനേ പോകുന്നില്ല. അദ്ധ്വാനിക്കുന്ന തൊഴിലാളി വർഗ്ഗത്തിന്റെ സംഘടിത ശക്തിയുടെ, ചെങ്കൊടി "വാഴട്ടങ്ങനെ വാഴട്ടെ....." എന്നൊന്നും പറയാൻ പറ്റുന്ന കാലഘട്ടത്തിലേയ്ക്ക് നമ്മൾ പോകുന്നത്. നമ്മൾക്കും ഈ ലോകത്തെ വർത്തമാനകാല യാഥാർത്ഥ്യങ്ങൾക്കപ്പുറത്ത് പോകാൻ കഴിയുമെങ്കിൽ നമുക്ക് വികസിപ്പിക്കാവുന്ന വ്യവസായങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ടൂറിസം വ്യവസായം തന്നെയാണ്. പതിവ് കാഴ്ചപ്പാടിൽ നിന്നും വ്യത്യസ്തമായ ടൂറിസം വളർച്ചയും വികസനവുമാണ് കേരളത്തിന്റേത്. ഇപ്പോൾ അവർ ഒരു റിസോർട്ട് തുടങ്ങാൻ പോകുകയാണല്ലോ. കണ്ണൂരിൽ തുടങ്ങാൻ പോകുന്ന അമ്യൂസ്മെന്റ് പാർക്ക്. അത് വളരെ നല്ല ഐഡിയയാണ്. വടക്കൻ മലബാറിൽ അങ്ങനെയുള്ള അമ്യൂസ്മെന്റ് പാർക്കുകൾ ഒന്നുമില്ല. ഞങ്ങൾ മൂകാംബിക ക്ഷേത്രത്തിലൊക്കെ പോകുമ്പോൾ ഇടയ്ക്ക് കയറാൻ എം.വി. രാഘവന്റെ പാപ്പിനിശ്ശേരിയിലെ പാമ്പ് വളർത്തൽ കേന്ദ്രമാണുണ്ടായിരുന്നത്. ഇനി നമുക്ക് അമ്യൂസ്മെന്റ് പാർക്കിലും കുടി കയറി ഒരു ദിവസം അവിടെ തങ്ങി പ്രകൃതി സൗന്ദര്യമൊക്കെ ആസ്വദിച്ചിട്ട് തിരിച്ചുവരാൻ കഴിയും.

ശ്രീ. വി.ഡി. സതീശൻ : കഴിഞ്ഞ ദിവസം മലബാറിൽ നിന്നുവന്ന അംഗങ്ങൾ, ശ്രീ. എം.വി. ജയരാജനടക്കമുള്ള അംഗങ്ങൾ മുഴുപ്പലങ്ങാടി drive-in beach-നെക്കുറിച്ച് ഇവിടെ സംസാരിച്ചു. ഞാൻ കഴിഞ്ഞ ദിവസം അവിടെ പോകാനിടയായി. മുഴുപ്പിലങ്ങാടി drive-in beach അതിമനോഹരമായ ബീച്ചാണ്. അവിടെ കയറി ചെല്ലുമ്പോൾ തന്നെ കാണുന്ന കാഴ്ച കടലിലെ പാറമേൽ വലിയ ഒരു അരിവാൾ ചുറ്റിക നക്ഷത്രം ഉണ്ടാക്കിവെച്ചിരിക്കുന്നതാണ്. അതോടെതന്നെ ഒരുപാട് ആളുകൾ മടങ്ങിപ്പോകുന്നതായിട്ടാണ് അവിടെയുള്ള ലോക്കലായിട്ടുള്ള ആളുകൾ എന്നോട് പറഞ്ഞത് അത് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. എം.വി. ജയരാജൻ : ഏതായാലും ശ്രീ. വി.ഡി. സതീശൻ മടങ്ങിപ്പോകേണ്ട. അരിവാൾ ചുറ്റിക നക്ഷത്രം കണ്ടിട്ട് മടങ്ങിപ്പോകേണ്ടതില്ല. ശ്രീ. വി.ഡി. സതീശനെ അരിവാൾ ചുറ്റിക നക്ഷത്രത്തോടുകൂടി സ്വീകരിക്കാം. ബഹുമാനപ്പെട്ട പ്രതാപവർമ്മ തമ്പാനോട് ഒരു കാര്യം പറയാനുള്ളത് അവിടെ അമ്യൂസ്മെന്റ് പാർക്കിൽ വരുമ്പോൾ ഞങ്ങൾക്കുള്ള ഒരു വിഷമം പറഞ്ഞേയ്ക്കാം എതിർ ഗ്രൂപ്പുകാർ കുടൽമാലയുമായിട്ടാണോ എതിരേൽക്കുന്നതെന്ന് പറയാൻ കഴിയില്ല. അത് അങ്ങ് പ്രത്യേകമായി ശ്രദ്ധിച്ചാൽ ഞങ്ങൾ അങ്ങയേയും സ്വാഗതം ചെയ്യുകയാണ്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സത്യംപറഞ്ഞാൽ, എവിടെ പെന്നാലാണ് ഗ്രൂപ്പുകാർ കുടൽ എടുക്കാതിരിക്കുന്നത് ? കുടൽ അല്ല ; ഉടലോടെ എടുക്കുന്ന ഗ്രൂപ്പുകാരാണ് അപ്പുറത്ത് നിൽക്കുന്നത്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ശരിയാണ്. അങ്ങയുടെ അഭിപ്രായത്തോട് യോജിക്കുകയാണ്. 1964-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നാഷണൽ കൗൺസിലിൽ നിന്നും ഇറങ്ങിപ്പോയ വ്യക്തികളിൽ ഇന്ന് ജീവിച്ചിരിക്കുന്ന ഏക വ്യക്തിയാണ് ശ്രീ. വി.എസ്. അച്ചുതാനന്ദൻ. സഖാവ് വി. എസ്. അച്ചുതാനന്ദന്റെ സ്ഥിതി എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ അറിയാതെ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പ്രസംഗിച്ചപ്പോൾ പറഞ്ഞുപോയി. മലപ്പുറത്തുവച്ച് കാണാം, കാണണം എന്ന്. മോഹൻലാൽ സിനിമയിൽ പറഞ്ഞ ഡയലോഗ്പോലെ പറഞ്ഞുപോയി. പറഞ്ഞതുപോലെ തന്നെ കണ്ടില്ലേ ? കൂടെനിന്നവരെല്ലാപേരും കാലുവാരിയില്ലേ ? അതുകൊണ്ട് ആരുടേയും ഉടലെടുത്ത് സ്വർഗ്ഗത്ത് അയയ്ക്കുന്നതിൽ നിങ്ങളും ഒട്ടും പിന്നിലല്ലെന്ന് തെളിയിച്ചിരിക്കുകയാണ്. ഞാൻ പറഞ്ഞത് ടൂറിസം മേഖലയിൽ കരിനിഴൽ പരത്തിയ ആ കാലഘട്ടത്തിലും. യൂറോപ്യൻ രാജ്യങ്ങളിൽ നിന്ന് വിനോദസഞ്ചാരികളുമായി 21 ചാർട്ടേർഡ് വിമാനങ്ങളും യാത്രാകപ്പലുകളും കൊച്ചി തുറമുഖത്തും തിരുവനന്തപുരത്തും എത്തി. അത് സൂചിപ്പിക്കുന്നത് കേരളത്തിലേയ്ക്ക് കടന്നു വരുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിന്റെ വർദ്ധനവാണ്. എന്തുകൊണ്ടാണ് അവർ കേരളത്തെ destination point ആയിട്ട് കാണുന്നതെന്നു വച്ചാൽ കേരളം God's own country എന്നൊക്കെ പറഞ്ഞ് കേരളത്തിലെ കരിമീൻ, കായൽ, കായലോര മലൈൻ ഡ്രൈവ്.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ: നമ്മുടെ നിയമസഭയ്ക്കും പുറത്തും എവിടേയും കേരളം രക്ഷപ്പെടാനുള്ള ഏക മാർഗ്ഗം അല്ലെങ്കിൽ മാർഗ്ഗങ്ങളിൽ പ്രധാനമായിട്ടുള്ളത് ടൂറിസമാണെന്നുള്ളതാണ് ഒരു പ്രചരണം. ശരിയായിരിക്കാം. കേരളത്തിന്റെ മനുഷ്യ സമ്പത്തിനേയും വിഭവശേഷിയേയും പ്രധാനപ്പെട്ട വരുമാനമാർഗ്ഗമായി എടുത്തിരിക്കുന്ന ലോകത്തെ ഏത് രാജ്യങ്ങളുടെ കണക്കെടുത്താലും ആ രാജ്യങ്ങളെല്ലാം പൊവ്വ്യൂട്ഡ് ആയി; ആ രാജ്യങ്ങളുടെ മുകളിൽക്കൂടിപോലും പറന്നുപോകാൻ ടൂറിസ്റ്റുകൾ ആഗ്രഹിക്കുന്നില്ല. ഇതുകൂടി മനസ്സിലാക്കാൻ നോക്കണ്ടേയെന്ന് അവതാരകനോട് ചോദിക്കുകയാണ്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : അതൊക്കെ നമ്മൾ ആലോചിക്കേണ്ടതാണ്. നമ്മുടെ തനതു സംസ്കാരത്തിനും നമ്മുടെ സാംസ്ക്കാരിക പാരമ്പര്യത്തിനൊന്നും ദോഷമുണ്ടാകുന്ന തരത്തിലുള്ള ഒരു പ്രവണതയ്ക്കും നമ്മൾ അറിഞ്ഞോ അറിയാതെയോ കൂട്ടുനിന്നുകൂടാ. അക്കാര്യത്തിൽ തർക്കമില്ല. ഇപ്പോൾ ധാരാളം ആളുകൾ ഈ രംഗത്ത് പണിയെടുക്കുന്നുണ്ട്. 'ജനുവരി ഒരു ഓർമ്മ' എന്ന ജോഷിയുടെ സിനിമയിൽ മോഹൻലാൽ Unauthorized guide ആണ്. അതിൽ authorized guide ജഗതി ശ്രീകുമാറാണ്. പക്ഷെ ജഗതി ശ്രീകുമാറിന് ഈ പ്രവർത്തനത്തിൽ യാതൊരുവിധ അംഗീകാരവും കിട്ടുന്നില്ല ; unauthorized guide ആയിട്ടുള്ള ആളാണ് ആളുകളെ കൊണ്ടുപോയി സ്ഥലങ്ങൾ കാണിച്ചുകൊടുക്കുന്നത്. അങ്ങനെ ഗൈഡുകളായി, ഓപ്പറേറ്റർമാരായി, ചെറിയ ചെറിയ റിസോർട്ടുകളുടെ ഉടമകളായി പലരും പ്രവർത്തിക്കുന്നു. ഇതിൽ എല്ലാവരും കടന്നുവരുമ്പോൾ ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ ആലപ്പുഴയിൽ

"കയറുപിരിക്കും തൊഴിലാളിക്കൊരു

കഥയുണ്ടുജ്ജ്വല സമരകഥ.

അക്കഥ പറയും നിങ്ങടെ നാട്ടിൽ

അഭിമാനിക്കാൻ വകയില്ലേ?"

എന്നൊക്കെ പാട്ടുപാടും. ഇന്ന് പാടിയിട്ട് വല്ല കാര്യവുമുണ്ടോ? നേരത്തെ കയറിനെക്കുറിച്ച് പറഞ്ഞതുപോലെ ഇന്ന് അങ്ങനെയൊന്നും പാടിയിട്ട് കാര്യമില്ല. നമ്മളെ വെല്ലുവിളിക്കാൻ വലിയ ശക്തികൾ ഇറങ്ങിയിരിക്കുകയാണ്. ഈ രംഗത്ത് നമുക്ക് ഭീഷണിയായി ഇൻഡ്യക്കകത്ത് ബംഗാളും ഇൻഡ്യക്ക് പുറത്ത് ചൈനയും വിയറ്റ്നാമും അടക്കം ഒരേപോലെ നമ്മുടെ എല്ലാ രംഗത്തേയും കൈവച്ച് നിൽക്കുകയാണ്. എന്റെ നാട്ടിലെ കശുവണ്ടി വ്യവസായത്തിലെ ഏറ്റവും വലിയ വെല്ലുവിളി വിയറ്റ്നാം തന്നെയാണ്. അവർ അതിന്റെ പ്രോസസ്സിംഗിൽ ഇറങ്ങിക്കഴിഞ്ഞു. ഇപ്പോൾ എല്ലാ രംഗത്തും കോംപറ്റീഷനുണ്ട്.

<u>ശ്രീ. സി. കെ. നാണു:</u> ടൂറിസംകൊണ്ട് ലഭിക്കുന്ന ഇത്തരത്തിലുള്ള വരുമാനത്തെ സംബന്ധിച്ച് പറയുന്നത് കൊള്ളാം. പക്ഷേ, നമ്മുടെ നാട്ടിൽ പാവപ്പെട്ട ആളുകൾ, അതുപോലെ ഇടത്തരക്കാരുടെ ഇടയിൽ കഴിഞ്ഞ കാലത്ത് ഉണ്ടായതിനേക്കാൾ ഇന്നുള്ള തൊഴിലില്ലായ്മ പരിഹരിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രതിസന്ധി വളർന്നു വരുന്നുവെന്നാണ് പറഞ്ഞു വരുന്നതെങ്കിൽ താങ്കൾ നേരത്തെ പറഞ്ഞതുപോലെ ടൂറിസ്റ്റുകളെ കാണിക്കാൻവേണ്ടി ഊരുചുറ്റുന്ന ആളുകൾ ഉള്ളത് നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ ഡൽഹിയിലും ഉത്തർപ്രദേശിലും വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിലുമാണ്. പക്ഷേ അതുകൊണ്ട് ഈ സംസ്ഥാനത്തിലെ പാവപ്പെട്ട ആളുകളുടേയും ഇടത്തരക്കാരുടേയും ജീവിതനിലവാരം മെച്ചപ്പെടുന്നതായിട്ട് കാണാൻ സാധിക്കുന്നില്ല. അടിസ്ഥാനപരമായി പാവപ്പെട്ട ആളുകൾക്ക് കൂടിൽ വ്യവസായങ്ങൾ ആയാലും പരമ്പരാഗത വ്യവസായങ്ങൾ ആയാലും വ്യവസായങ്ങൾ ആരംഭിച്ച് അവർക്ക് തൊഴിൽ നൽകുന്നതിലേക്ക് നീങ്ങുന്നതിനുപകരം, ടൂറിസ്റ്റിന്റേതായ വരുമാനങ്ങളേയും അതിന്റെ സാദ്ധ്യതകളേയും തള്ളിക്കളയാൻ സാധിക്കില്ലെങ്കിൽപോലും, കേരളത്തിലായാലും ഇൻഡ്യയിൽ എവിടെയായാലും പ്രകൃതിയെ ആസ്പദിച്ചുകൊണ്ട് വരുമാനം ഉണ്ടാക്കുന്നത് പിൻതിരിപ്പനല്ലേ?

<u>ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:</u> ഒന്നും നിഷേധിച്ചുകൊണ്ടുള്ള നിലപാടല്ല ഞാൻ കൈക്കൊള്ളുന്നത്. പരമ്പരാഗത വ്യവസായമേഖലക്ക് അതിന്റേതായ പ്രാധാന്യമുണ്ട്. ആധുനിക വളർച്ചയ്ക്കും ഇത്തരം നിയമങ്ങളും അതിന്റെ പിന്തുണയും ആവശ്യമാണ് എന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

[ചർച്ച തുടരും]

LIBRARY ARCHIVES Kerala Legislative Assembly